"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാരം വകുപ്പ്- മഹാത്മഗാന്ധി ട്രോഫിക്ക് വേണ്ടയുള്ള ഉത്തരമലബാർ ജലോത്സവം 2024-കാസർഗോഡ്- അധിക ധനസഹായം - അനുവദിച്ച് ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.81/2025/TSM തീയതി,തിരുവനന്തപുരം, 14-02-2025

---

പരാമർശം:-
1. 22.11.2024 തീയതിയിലെ സ.ഉ(സാധാ) നം 673/2024/ TSM
2. ബഹു തൃക്കരിപ്പൂർ എം.എൽ. എ ശ്രീ എം. രാജഗോപാലൻ ബഹു വിനോദസഞ്ചാര വകുപ്പ് മന്ത്രിക്കു സമർപ്പിച്ച 04.12.2024-ലെ കത്ത്.
3. 28.12.2024 തീയതിയിലെ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ DOT/13945/2023-M1 നമ്പർ കത്ത്

**ഉത്തരവ്**

2024 നവംബർ 1 കേരളപ്പിറവി ദിനത്തിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചിരുന്നതും, നവംബർ 17, 18 തീയതികളിൽ മാറ്റി സംഘടിപ്പിച്ചതുമായ മഹാത്മഗാന്ധി ട്രോഫിക്ക് വേണ്ടിയുള്ള ഉത്തരമലബാർ ജലോത്സവത്തിന് 3452-80-104-99- പൈതൃകം, പരിസ്ഥിതി , സംസ്ക്കാരം എന്നിവയുടെ സംരക്ഷണവും, നിലനിർത്തലും,പരിപോഷണവും, (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും 2 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു.

2. മേൽ പ്രകാരം അനുവദിച്ച ധനസഹായം വർദ്ധിപ്പിച്ച് പരമാവധി പത്ത് ലക്ഷം രൂപയെങ്കിലും അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്, കാസർഗോഡ് ഡി.റ്റി.പി.സി സെക്രട്ടറി സമർപ്പിച്ച കത്ത് ശിപാർശ ചെയ്തുകൊണ്ട്, ഉത്തരമലബാർ ജലോത്സവത്തിന് 10 ലക്ഷം രൂപ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്, ബഹു തൃക്കരിപ്പൂർ എം.എൽ. എ ശ്രീ എം. രാജഗോപാലൻ ബഹു വിനോദസഞ്ചാര വകുപ്പ് മന്ത്രിക്കു പരാമർശം (2)

പ്രകാരം കത്ത് സമർപ്പിച്ചിതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിത തീരുമാനം ഉണ്ടാകണമെന്ന് പരാമർശം (3) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024 നവംബർ 17, 18 തീയതികളിൽ മഹാത്മഗാന്ധി ട്രോഫിക്ക് വേണ്ടി സംഘടിപ്പിച്ച ഉത്തരമലബാർ ജലോത്സവത്തിന് പരാമർശം(1) പ്രകാരം, അനുവദിച്ച 2 ലക്ഷം രൂപയ്ക്കു പുറമെ **3452-80-104-99- പൈതൃകം, പരിസ്ഥിതി , സംസ്ക്കാരം എന്നിവയുടെ സംരക്ഷണവും, നിലനിർത്തലും, പരിപോഷണവും-01- വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം (പിവി) എന്ന ശീർഷകത്തിൽ** നിന്നും അധിക ധനസഹായമായി **₹2,00,000/-** കൂടി (രണ്ട് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന്, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ് , തുക കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസത്തിനകം, കാസർഗോഡ് ഡി.റ്റി.പി.സി സെക്രട്ടറി ,വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം
കാസർഗോഡ് ഡി.റ്റി.പി.സി സെക്രട്ടറി (വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് I & II ), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Reena P P
Date: 15-02-2025 14:36:42

സെക്ഷൻ ഓഫീസർ

1.ബഹു വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്